# ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 പ്രതിദിന വാർത്താ സമ്മേളനത്തിന്റെ മിനിറ്റ്സ്

**2020 ജൂൺ 1 വൈകുന്നേരം 4.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി, ശ്രിമതി കെ.കെ.ശൈലജ ടീച്ചർ**

ബഹുമാനപ്പെട്ട ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി ശ്രീമതി കെ കെ ശൈലജ ടീച്ചർ ഇന്ന് കേരളത്തിൽ 57 കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടതായി യോഗത്തെ അറിയിച്ചു. കോഴിക്കോട് ജില്ലയിൽ രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന ഒരാൾ ഇന്നലെ നിര്യാതയായി. മലപ്പുറം, കാസർഗോഡ് ജില്ലകളിൽ നിന്നും 14 പേർക്ക് വീതവും, തൃശ്ശൂർ ജില്ലയിൽ നിന്നും 9 പേർക്കും, കൊല്ലം ജില്ലയിൽ നിന്ന് 5 പേർക്കും, പത്തനംതിട്ട ജില്ലയിൽ നിന്നും 4 പേർക്കും, തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ നിന്ന് 3 പേർക്ക് വീതവും ആലപ്പുഴ, പാലക്കാട് ജില്ലകളിൽ നിന്നും 2 പേർക്ക് വീതവും ഇടുക്കി ജില്ലയിൽ നിന്നും ഒരാൾക്കുമാണ് ഇന്ന് രോഗം സ്ഥിരീകരിച്ചത്. രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 18 പേരുടെ പരിശോധനാ ഫലം നെഗറ്റീവ് ആയിട്ടുണ്ട്. നിലവിൽ 708 പേർ രോഗം സ്ഥിരീകരിച്ച് ചികിത്സയിലാണ്. അതിനുശേഷം ആരോഗ്യവകുപ്പിന്റെ രോഗനിയന്ത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ രാജൻ ഖോബ്രഗാഡെ വിശദീകരിക്കുകയുണ്ടായി

**ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഡോ. രാജൻ ഖോബ്രഗാഡെ ഐഎഎസ്**

ഇന്ന് കേരളത്തിൽ 57 പേർക്ക് രോഗം സ്ഥിരീകരിച്ചു. ഇതുവരെ 1326 പേർക്കാണ് കേരളത്തിൽ കൊവിഡ് 19 രോഗം സ്ഥിരീകരിച്ചിട്ടുള്ളത്. ഇന്ത്യയിൽ 190534 പേർക്ക് രോഗം സ്ഥിരീകരിച്ചത്. കേരളത്തിൽ നിലവിൽ 708 രോഗികളാണ് രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ളത്. 607 പേർ ഇതുവരെ രോഗവിമുക്തി നേടിയിട്ടുണ്ട്. കേരളത്തിൽ ഇതുവരെ രോഗം സ്ഥിരീകരിച്ച 10 പേർ മരണമടഞ്ഞു. അതിനുശേഷം അദ്ദേഹം കോവിഡ്19 രോഗികളുടെ ഇപ്പോഴത്തെ അവസ്ഥയെപ്പറ്റിയും, കോവിഡ് ബാധിച്ച 12 പേർ ഐസിയുവിലാണുള്ളത് എന്നുള്ള കാര്യവും യോഗത്തെ അറിയിച്ചു. പോസിറ്റീവ് കേസുകളെപ്പറ്റി വിശദമായ ഒരു അവലോകനം അദ്ദേഹം നടത്തുകയുണ്ടായി. ചെക്ക്പോസ്റ്റുകളിൽകൂടിയും, കപ്പലിലൂടെയും, വിമാനങ്ങളിലൂടെയും കേരളത്തിലെത്തിയവരുടെ കണക്കും, അതിൽ വീടുകളിലും, ഇൻസ്റ്റിറ്റ്യൂഷനുകളിലും, നിരീക്ഷണത്തിലുള്ളവരുടെയും അതിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടികളുടെയും, ഗർഭിണികളുടെയും കണക്കും അദ്ദേഹം വിശദീകരിച്ചു.

ലാബുകളിൽ നടത്തിയ പരിശോധനകളുടെ വിശദാംശങ്ങൾ, സാധാരണ നടത്താറുള്ള പരിശോധന, സെന്റിനൽ സർവൈലൻസ്, ഓഗ്മെന്റഡ് സർവൈലൻസ് ജീൻ എക്സ്പർട്ട് എന്നിവ വഴി നടത്തിയ പരിശോധന വിവരങ്ങളും അദ്ദേഹം അറിയിക്കുകയുണ്ടായി. സ്വകാര്യ ലബോറട്ടറികളിൽ നടത്തിയ പരിശോധനയുടെ വിശദാംശങ്ങൾ അദ്ദേഹം പറഞ്ഞു. 24 മണിക്കൂറിൽ 2990 സാമ്പിളുകൾ പരിശോധിച്ചതിൽ ആണ് 57 ഫലം പോസിറ്റീവ് ആയത്. 99082 പിസിആർ കിറ്റുകളും, 121457 ആർ എൻ എ എക്സ്ട്രാക്ഷൻ കിറ്റുകളും, 116990 ഡാക്രോൺ സ്വാബുകളും സ്റ്റോക്കുണ്ട് എന്ന വിവരവും അദ്ദേഹം യോഗത്തെ ധരിപ്പിച്ചു. പ്ലാസ്മ തെറാപ്പി ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലാണ് ഇത് ആരംഭിക്കുന്നത്. ട്രൂനാറ്റ് ടെസ്റ്റ് ആരംഭിക്കുന്നതിനായി 18 ലാബുകൾക്കാണ് അനുമതി നൽകിയിരുന്നത്. ഇതിൽ 16 ലാബുകൾ ടെസ്റ്റിങ്ങിനായുള്ള സജ്ജീകരണങ്ങൾ ആരംഭിച്ചിട്ടുണ്ട്. 9 ലാബുകളിൽ ടെസ്റ്റിങ്ങും ആരംഭിച്ചിട്ടുണ്ട്. ജൂൺ മാസം ദിനം പ്രതി 3000 ടെസ്റ്റുകൾ കൂടാതെ അധികമായി സമൂഹത്തിൽ നിന്നും സാമ്പിളുകൾ ടെസ്റ്റ് ചെയ്യേണ്ടതാണ്.

## ചീഫ് സെക്രട്ടറി, ഡോ. വിശ്വാസ് മേത്ത ഐ എ എസ്

കോവിഡ് ജാഗ്രത ഇ-പോർട്ടലിൽ വഴി 2.63 ലക്ഷം പേർ രജിസ്റ്റർ ചെയ്തിരുന്നു. ഇതിൽ 1.83 ലക്ഷം ആൾക്കാരാണ് പാസ്സിനായി അപേക്ഷിച്ചിരുന്നത്. 1.57 ലക്ഷം പേർക്ക് പാസ്സ് ലഭിച്ചു. അന്തർസംസ്ഥാന യാത്രക്കാരുടെ കണക്ക് പരിശോധിക്കുമ്പോൾ തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ നിന്നാണ് കൂടുതൽ ആളുകൾ കേരളത്തിലേക്ക് എത്തിയത്. റോഡ് മാർഗ്ഗം വന്നവരിൽ 0.17 ശതമാനവും റെയിൽ മാർഗ്ഗം വന്നവർ 0.28 ശതമാനവും ആൾക്കാർക്ക് രോഗബാധ സ്ഥിരീകരിച്ചു. ഇന്നുവരെ 55 ട്രെയിനികൾ അതിഥി തൊഴിലാളികളുമായി മറ്റ് സംസ്ഥാനങ്ങളിലേക്ക് പുറപ്പെട്ടു. 1-ാം തീയതി മുതൽ 10-ാം തീയതി വരെ 130 ട്രെയിനുകളാണ് ഷെഡ്യൂൾ ചെയ്തിരുക്കുന്നത്. ഡേറ്റകളിലുള്ള വ്യത്യാസം ശ്രദ്ധയിൽപെട്ടിട്ടുണ്ട് ഇത് പരിശോധിച്ച് ഡേറ്റകൾ ഒരുപോല ആക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## വിദഗ്ദ്ധ സമിതി ചെയർപേഴ്സൺ, ഡോ. ബി. ഇക്ബാൽ

### ആശുപത്രികളുടെ പ്രവർത്തനം പുന:രാരംഭിക്കൽ

സർക്കാർ സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം പുന:രാരംഭിക്കുന്നതിനുള്ള സമഗ്രമായ നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതാണ്. കോവിഡ് ഇതര രോഗങ്ങളുടെ ചികിത്സ ഉറപ്പാക്കേണ്ടതുണ്ട്. മെഡിക്കൽ കോളേജുകളിൽ രോഗികൾ കൂടുതലായി എത്തി തുടങ്ങിയിട്ടുണ്ട്, മെഡിക്കൽ കോളേജ്, ഹെൽത്ത് സർവീസസിന്റെ കീഴിലുള്ള ആശുപത്രികളിൽ ചികിത്സ കഴിയുന്നതും പഴയ തരത്തിൽ പുനസ്ഥാപിക്കുന്നതിനുള്ള ചർച്ചകൾ പലതലങ്ങളിലായി നടക്കുന്നുണ്ട്. സ്വകാര്യ ആശുപത്രികളെ സംബന്ധിച്ച് വേണ്ടത്ര വ്യക്തത വന്നിട്ടില്ല. ഇതുമായി ബന്ധപ്പെട്ട പല ഘടകങ്ങളും പരിഗണിക്കേണ്ടതുണ്ട്.

പുതുതായി രോഗവുമായി എത്തുന്നവർ, നേരത്തെ രോഗമുള്ളവരുടെ പുന: പരിശോധന അടിയന്തിര ചികിത്സ ആവശ്യമുള്ളവർ, ഡയാലിസിസ്,

ആഞ്ചിയോപ്ലാസ്റ്റി തുടങ്ങിയ മാറ്റിവച്ച ചികിത്സകൾ തുടങ്ങി പരിചരണം ആവശ്യമുള്ള പല വിഭാഗത്തിൽപ്പെട്ടവരുണ്ട്. ടെലിമെഡിസിൻ പദ്ധതി കുറവുകൾ പരിഹരിച്ച് കൂടുതൽ വ്യാപിപ്പിക്കാനുണ്ട്. ഫോൺ/നെറ്റ് കൺസൽട്ടേഷൻ റിസർവേഷൻ കൂടുതൽ ആരോഗ്യ സ്ഥാപനങ്ങളിൽ ആരംഭിക്കേണ്ടതുണ്ട്. സ്വകാര്യ മേഖലയുമായി ചേർന്ന് താഴെത്തട്ടിൽ മൊബൈൽ ക്ലിനിക്കുകൾ സ്ഥാപിക്കാനുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശം നടപ്പിലാക്കേണ്ടതുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് സംരക്ഷണം നൽകുന്നതിനുള്ള പി പി ഇ കിറ്റുകൾ ലഭ്യമാക്കേണ്ടതാണ്. കോവിഡ് ടെസ്റ്റിംഗ് സംവിധാനം സർക്കാർ സ്വകാര്യ മേഖലയിൽ കൂടുതൽ ലഭ്യമാക്കേണ്ടതുണ്ട്. സ്വകാര്യ മേഖല നേരിടുന്ന പ്രശ്നങ്ങൾ പ്രത്യേകം തന്നെ പരിശോധിക്കാനുണ്ട്.

ഇതെല്ലാം പരിഗണിച്ച് സർക്കാർ സ്വകാര്യ മേഖലകളിലെ ചികിത്സാ കൂടുതലായി ലഭ്യമാക്കുന്നതിനുള്ള വിശദമായ കർമ്മ പരിപാടിയും നിർദ്ദേശങ്ങളും തയ്യാറാക്കേണ്ടതാണ്.

**കോവിഡ് മരണ നിരക്കിലെ വർദ്ധന**

വിദേശത്ത് നിന്നും കൂടുതൽ പേർ എത്തിത്തുടങ്ങിയതോടെ കോവിഡ് മരണനിരക്കിൽ വർദ്ധനയുണ്ടായിട്ടുണ്ട്. മെയ് 4 ന് മൂന്നു പേരാണ് മരണപ്പെട്ടിരുന്നതെങ്കിൽ ഇപ്പോഴത് 10 ആയി വർദ്ധിച്ചിട്ടുണ്ട്. ഇതിൽ അമിതമായി ആശങ്കപ്പെടേണ്ടതില്ല. പ്രായാധിക്യമുള്ളവർക്കും ഗുരുതരമായ രോഗമുള്ളവർക്കും വിദേശത്ത് നിന്നും വരുന്നതിൽ മുൻഗണന നൽകിയിട്ടുണ്ട്. ഇവർ രോഗബാധിതരായി എത്തുന്നത് കൊണ്ടാണ് മരണനിരക്ക് വർദ്ധിക്കുന്നത്. ഇവരുടെ എണ്ണം കുറയുന്നതോടെ മരണ നിരക്ക് കുറയുമെന്ന് പ്രതീക്ഷിക്കാം. എന്നാൽ രോഗികളുടെ എണ്ണം വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ സംരക്ഷണ സമ്പർക്ക വിലക്ക് (റിവേഴ്സ് ക്വാറന്റൈൻ) കൂടുതൽ ശക്തമാക്കേണ്ടതാണ്.

**കോവിഡ് രോഗം ബാധിച്ച് മരണമടഞ്ഞവരെ മറവു ചെയ്യൽ**

കോവിഡ് രോഗം ബാധിച്ച് മരണമടഞ്ഞവരെ മറവു ചെയ്യുന്നത് സംബന്ധിച്ച് കേന്ദ്ര ആരോഗ്യ വിഭാഗം ഡയറക്ടറേഴ്സ് പെരുമാറ്റ ചട്ടം പുറപ്പെടുവിച്ചിട്ടുണ്ട്. നീപ്പാ മൂലം മരണമടഞ്ഞവരെ മറവു ചെയ്യുന്നതിൽ നിന്നും കൂടുതൽ ലഘൂകരിച്ച പെരുമാറ്റ ചട്ടമാണ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇത് നമുക്കും സ്വീകരിക്കാവുന്നതാണ്.

**സംഘം ചേരുന്നതും ആൾക്കൂട്ടവും ഒഴിവാക്കുക.**

കോവിഡ് കേസ്സുകൾ വർദ്ധിച്ചുവരുന്ന സാഹര്യത്തിൽ കൂട്ടം കൂടുന്നത് തുടർന്നും നിരോധിക്കേണ്ടതാണ്. രോഗവ്യാപനം തടയാൻ ഇത് അത്യാവശ്യമാണ്. മാത്രമല്ല കേരളത്തിൽ സംഘം ചേരുന്നവരിൽ സാംസ്കാരിക പ്രസ്ഥാനത്തിലും യുവജന സംഘടനകൾ ഒഴികെയുള്ള രാഷ്ട്രീയ സംഘടനകളിലും ആരാധാനാലയങ്ങളിലും കൂടുതലും പ്രായാധിക്യമുള്ളവരാണ്. അവരിൽ പലരും രോഗികളുമായിരിക്കും. സംഘം ചേരൽ അനുവദിച്ചാൽ റിവേഴ്സ് ക്വാറന്റൈൻ പരാജയപ്പെടും. ഇവർ വീടുകളിൽ നിന്നും പുറത്ത് വന്നാൽ മരണ സാധ്യതയുള്ളവരുടെ എണ്ണം വർദ്ധിക്കും. അതുകൊണ്ട് ആൾക്കൂട്ട സാധ്യതയുള്ള ഒരു സംഘം ചേരലുകളും അനുവദിക്കരുത്.

**പ്രിൻസിപ്പൽ സെക്രട്ടറി വ്യവസായ വകുപ്പ്, ഡോ. കെ ഇളങ്കോവൻ ഐ എ എസ്**

മറ്റ് രാജ്യങ്ങളിൽ നിന്ന് ഇനി വരാനായി രജിസ്റ്റർ ചെയ്തവരിൽ ഗർഭിണികൾ 14 ശതമാനം, 10 വയസിന് താഴെയുള്ള കുട്ടികൾ 12 ശതമാനം, 32 ശതമാനം പേർ വിസിറ്റിങ്ങ് വിസ വഴി മറ്റ് രാജ്യങ്ങളിലേക്ക് പോയവരും അടങ്ങുന്നു. അതിനാൽ രോഗം വ്യാപിക്കുവനുള്ള സാധ്യത കൂടുതലാണ്.

**ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് സെക്രട്ടറി, ശ്രീ. വേണുഗോപാൽ ഐ എ എസ്**

ഭക്ഷ്യ ധാന്യങ്ങളുടെ വരവ് വിതരണവും തൃപ്തികരമാണ്. ആവശ്യമായ സ്റ്റോക്കുകൾ എല്ലാം ഉണ്ട്.

**പിന്നോക്ക വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (അന്തർ സംസ്ഥാന യാത്രാ നോഡൽ ഓഫീസർ) ബിശ്വനാഥ് സിൻഹ ഐ എ എസ്**

ചുരുങ്ങിയ കാലത്തേക്ക് കേരളത്തിലേക്ക് വരുന്നവരുടെ കാര്യത്തിലും തമിഴ്നാട് കർണ്ണാടക അതിർത്തിയിൽ വഴി ധാരാളം ആളുകൾ വരുന്നുണ്ട്. ഈ രണ്ട് കാര്യത്തിലും തീരുമാനമെടുക്കേണ്ടതുണ്ട്. ഇതിനായി സോഫ്റ്റ്വെയർ രൂപകൽപന ചെയ്തിട്ടുണ്ട്. ഗവൺമെന്റ് ഉത്തരവ് ഇറങ്ങിയാൽ ഉടൻ ഇത് ഉപയോഗിക്കാവുന്നതാണ്. മംഗള എക്സ്പ്രസ് എറണാകുളം വരെ മാത്രമേ ഓടുകയുള്ളൂ എന്നാണ് ഇപ്പോൾ അറിവായിട്ടുള്ളത്. എറണാകുളത്തു നിന്നും തിരുവനന്തപുരത്തേക്ക് ഒരു ലിങ്ക് ട്രെയിൻ ഓടിക്കാമെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.

**അഡീഷണൽ ചീഫ് സെക്രട്ടറി (വനം), ഡോ. ആശ തോമസ് ഐ എ എസ്**

വനം വകുപ്പിലെ ഒരു ഫോറസ്റ്റ് ഗാർഡിന് കോവിഡ് 19 ബാധിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഇത് ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ റിപ്പോർട്ടിൽ കാണുന്നില്ല.

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്ക് ശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ യോഗത്തെ അറിയിച്ചു.**

1. കേസുകൾ വർദ്ധിച്ചു വരുന്ന ഈ സാഹചര്യത്തിൽ കണ്ടയിൻമെന്റ് സോണുകളിൽ ഇളവുകൾ അനുവദിക്കേണ്ടതില്ല. ഇളവു അനുവദിക്കുന്നത് നമ്മളെ പ്രതികൂലമായി ബാധിക്കും. കേരളത്തിൽ കൊവിഡ് മരണം വർദ്ധിച്ചത് സംബന്ധിച്ച് ഇവിടെ പറഞ്ഞ കാര്യങ്ങൾ ശരിയാണ്. രോഗലക്ഷണങ്ങളുമായി എത്തിയ മറ്റ് രോഗങ്ങൾ ബാധിച്ച ആൾക്കാർക്ക് ആണ് മരണം സംഭവിച്ചിട്ടുള്ളത്. പരിഭ്രാന്തിപ്പെട്ടിട്ട് കാര്യമില്ല.
2. മഞ്ചേരിയിൽ പൊതുജനങ്ങൾക്ക് ചികിത്സാ സൗകര്യങ്ങളുടെ കുറവുണ്ടെങ്കിൽ അത് പരിശോധിക്കണം. **(ചുമതല – ആരോഗ്യ വകുപ്പ്)**

3. സ്വകാര്യ മേഖലയെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് വിദഗ്ധ സമിതി ചെയർപേഴ്സൺ ഡോ. ബി ഇക്ബാൽ പറഞ്ഞത് ശരിയാണ്. രോഗവ്യാപനം കൂടുതലായാൽ നമ്മുടെ സംവിധാനങ്ങൾ ഉപയോഗിച്ച് മാത്രം അതിനെ പിടിച്ചു നിർത്താൻ കഴിയണമെന്നില്ല. സ്വകാര്യമേഖലയുടെ കൂടി സഹായം ആവശ്യമാണ്. കോവിഡ് അല്ലാത്ത രോഗചികിത്സയ്ക്ക് നല്ല രീതിയിൽ സ്വകാര്യമേഖലയെ ഉപയോഗപ്പെടുത്താൻ കഴിയണം. ഇതിനായി പ്രത്യേക പരിപാടികൾ നാം തയ്യാറാക്കണം . അവരെ പ്രവർത്തിപ്പിക്കാൻ നമുക്ക് കഴിയേണ്ടതാണ്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**
4. രോഗികളുടെ എണ്ണം കൂടുന്ന ഒരു സാഹചര്യം ഭാവിയിൽ ഉണ്ടായാൽ ചെറിയ രോഗലക്ഷണങ്ങൾ ഉള്ളവരെ വീട്ടിലേക്ക് അയക്കാവുന്നതാണ്. ഇതിന് കേന്ദ്രത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ ഉപയോഗിക്കേണ്ടിവരും. ആ സാഹചര്യത്തിൽ ടെലിമെഡിസിൻ വളരെയധികം സഹായകരമായിരിക്കും. സ്വകാര്യമേഖലയുടെ ഇടപെടലോടു കൂടി ടെലിമെഡിസിൻ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നമുക്കാകണം. ഇത് ആരംഭിക്കാൻ ആരെ ചുമതല ഏൽപ്പിക്കണമെന്ന് പുനപരിശോധിക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**
5. കൊവിഡ് അല്ലാത്ത കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യ കുറവു ണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**
6. കണ്ണൂർ-തിരുവനന്തപുരം ജനശതാബ്ദി എക്സ്പ്രസ് ഇന്ന് കോഴിക്കോട് നിന്നാണ് യാത്രതിരിച്ചത്. ഇത് സർക്കാരിന്റെ അഭ്യർത്ഥന മാനിച്ചാണ് എന്ന തരത്തിൽ വാർത്തകൾ വരുന്നുണ്ട്. കൂടുതൽ കേസുകൾ ഉണ്ടെങ്കിലും കണ്ണൂർ ജില്ലയിൽ സ്റ്റോപ്പുകൾ ഒഴിവാക്കേണ്ടതില്ല. മറ്റ് ട്രെയിനുകൾക്ക് കണ്ണൂർ സ്റ്റോപ്പ് നിലവിൽ തന്നെ ഉള്ളതാണ്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**
7. അതിഥി തൊഴിലാളികൾ അവർക്ക് ഭക്ഷണം ലഭിക്കുന്നില്ല എന്ന രീതിയിൽ പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. എന്നാൽ അവർക്ക് ഭക്ഷണത്തിന് യാതൊരു വിധത്തിലുള്ള ബുദ്ധിമുട്ടുമില്ല എന്നാണ് റിപ്പോർട്ട് സൂചിപ്പിക്കുന്നത്. അവരുടെ ഇടയിൽ ചില തെറ്റായ സന്ദേശങ്ങൾ പ്രചരിപ്പിച്ച് അവരെ ഇളക്കിവിടാൻ ശ്രമം നടക്കുന്നതായി സംശയിക്കേണ്ടിയിരിക്കുന്നു. അവർക്ക് സ്വന്തം നാട്ടിലേക്ക് തിരിച്ചു പോകാൻ യാതൊരു വിധത്തിലുള്ള തടസ്സവും ഇല്ല എന്ന് നാം പറയേണ്ടതാണ്. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്)**
8. രോഗ ലക്ഷണം ഉള്ള രോഗിയുടെ സ്രവം എടുത്തതിനു ശേഷം അയാളെ പറഞ്ഞു വിട്ടു എന്ന തരത്തിൽ റിപ്പോർട്ടുകൾ വരുന്നുണ്ട് ഇത്തരം കാര്യങ്ങൾ നാം ശ്രദ്ധിക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**
9. പാസ് അപേക്ഷിച്ചിട്ടു നൽകുന്നില്ല എന്ന് ആക്ഷേപമുണ്ട്. കണ്ടൈൻമെന്റ് സോൺ എന്നതിനർത്ഥം അത്തരം സ്ഥലങ്ങളിൽ നിന്ന് ഒരു തരത്തിലുള്ള യാത്രയും അനുവദിക്കാൻ പാടില്ല എന്നാണ്. ആയതിനാൽ കണ്ടൈൻമെന്റ് സോണുകളിൽ നിന്നും വരുന്നവർക്ക് പാസ്സ് നൽകുന്നില്ല എന്ന് ആരോപിക്കുന്നതിൽ കഴമ്പില്ല. **(ചുമതല - ജില്ലാ കളക്ടർമാർ)**
10. പട്ടികവിഭാഗ കോളനികളിൽ 85 ശതമാനത്തോളം കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്. റേഷൻ വിതരണവും കൃത്യമായി നടത്തിയിട്ടുണ്ട്. 89 ശതമാനത്തോളം രോഗപ്രതിരോധ വസ്തുക്കളും കോളനികളിൽ എത്തിച്ചിട്ടുണ്ട്. രോഗപ്രതിരോധ വസ്തുക്കളുടെ വിതരണവും സുഗമമായി നടന്നിട്ടുണ്ട്. **(ചുമ തല - ജില്ലാ കളക്ടർമാർ)**
11. ശുചീകരണ പ്രവർത്തനങ്ങൾ മാലിന്യനിർമാർജ്ജനം ഉൾപ്പെടെ ചില സ്ഥലങ്ങളിൽ കാര്യക്ഷമമായി നടന്നിട്ടില്ല. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്)**
12. ചാർട്ടേഡ് ഫ്ളൈറ്റുകളിൽ വരുന്നവരുടെ സാമ്പിൾ പരിശോധന സ്വകാര്യ മേഖലയിൽ നടത്താമെന്ന് നമുക്കു തീരുമാനിക്കാവുന്നതാണ്. എയർപോർട്ടിൽ നിന്നും വീടുകളിലേക്ക് എത്തിക്കുന്നതിനായി വാഹന ചാർജ്ജുകളും അവർ

തന്നെ വഹിക്കേണ്ടതാണ്. എന്നാൽ മുൻഗണനാക്രമം പാലിച്ച് കേരളത്തിലേക്ക് എത്തുന്നവർക്ക് നാം എല്ലാ തരത്തിലുള്ള സൗകര്യങ്ങളും നൽകേണ്ടതാണ്. അമിത യാത്രക്കൂലി അവരിൽ നിന്ന് വാങ്ങാൻ പാടുള്ളതല്ല. മുൻഗണനാ ലിസ്റ്റ് പ്രകാരമുള്ള ആൾക്കാരെ മാത്രമേ യാത്ര ചെയ്യാൻ അനുവദിക്കാവൂ എന്ന് നമുക്ക് ആവശ്യപ്പെടാവുന്നതാണ്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**

13. തിരിച്ചു പോകാനായി തയ്യാറെടുക്കുന്നവർക്കായി എയർ ഇന്ത്യയെയാണ് നോഡൽ ഏജൻസിയായി വച്ചിരിക്കുന്നത്. തിരിച്ചുപോകുമ്പോൾ പരിശോധന നടത്താനായി ഇതിനുള്ള തുക ചെലവാക്കി സ്വകാര്യമേഖലയിൽ നടത്താവുന്ന സ്ഥിതി ഉണ്ടാകും. ആയതിനാൽ ടെസ്റ്റ് പരിശോധനകളുടെ വേഗം കൂട്ടേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**
14. സമ്പർക്ക കേസുകൾ കുറവാണ് എന്നത് നല്ലത് തന്നെ. എന്നാൽ നമ്മുടെ പ്രവർത്തനങ്ങൾ ഇനിയും ശക്തിപ്പെടുത്തേണ്ടതുണ്ട് . നമ്മുടെ സംവിധാനങ്ങൾ മാത്രം ഇതിനായി പരിശ്രമിച്ചത് കൊണ്ടായില്ല. അതിനായി നാടാകെ ഇതിന്റെ ഭാഗമാകണം. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**
15. വാർഡ് തല സമിതി, അയല്പക്കങ്ങൾ ഇതിൽ ഇടപെടേണ്ടതാണ്. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്)**
16. തിരുവല്ലയിൽ മരണപ്പെട്ട ആളുടെ ചികിത്സയ്ക്കായി 85000 രൂപ മോണോക്ലോണൽ ആന്റിബോഡി വാങ്ങുന്നതിന് വേണ്ടി ചിലവാക്കി എന്ന് അവർക്ക് കൃത്യമായി ചികിത്സ ലഭിച്ചിട്ടില്ല എന്നും പരാതിയുണ്ട് ഇത് പരിശോധിക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**
17. കണ്ണൂർ ന്യൂ മാഹിയിലെ പാലിയേറ്റീവ് നഴ്സ് ആത്മഹത്യക്ക് ശ്രമിച്ചിട്ടുണ്ട്. ചില സൂക്ഷ്മൈകദൃക്കുകൾ ആയവർ പ്രക്ഷോഭം നടത്തി അവരെ മാനസികമായി തളർത്തുന്ന സാഹചര്യമുണ്ടായി. ചില രാഷ്ട്രീയ ഇടപെടലുകളും ഇതിൽ ഉണ്ടായി. ആ പെൺകുട്ടിയെ മാനസികമായി തകർച്ചയുണ്ടാക്കുന്ന തരത്തിൽ പ്രവർത്തനങ്ങൾ ഉണ്ടായി എന്ന് റിപ്പോർട്ടുകളുണ്ട്. ആത്മഹത്യാശ്രമം നടത്തുകയും അതിനു കാരണക്കാരായ അവരുടെ പേരുകൾ സൂചിപ്പിച്ച കത്ത് എഴുതി വച്ചു. ആരോഗ്യപ്രവർത്തകർ ആരോപണങ്ങൾ പെട്ടെന്ന് തകർന്നു കൂടാ ആയതിനാൽ അവർക്ക് നല്ല രീതിയിലുള്ള കൗൺസിലിംഗ് സേവനങ്ങൾ നൽകേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**

നമുക്ക് താഴെ പറയുന്ന ഇളവുകൾ അനുവദിക്കാവുന്നതാണ്

18. രണ്ട് ജില്ലകൾ തമ്മിൽ ബസ്സുകളിൽ യാത്രയാകാം. സീറ്റുകളിലും ആവശ്യമായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് ഇരുന്ന് യാത്ര ചെയ്യാവുന്നതാണ്. **(ചുമതല - പൊതുഭരണ വകുപ്പ്)**
19. കാറുകളിൽ ഡ്രൈവർ ഉൾപ്പെടെ നാലുപേരും ഡ്രൈവർ കൂടാതെ മൂന്ന് പേർക്ക് യാത്ര ചെയ്യാം. എന്നാൽ ഓട്ടോറിക്ഷാ ഡ്രൈവറെ കൂടാതെ രണ്ടു പേർക്ക് യാത്രചെയ്യാവുന്നതാണ്. **(ചുമതല - പൊതുഭരണ വകുപ്പ്)**
20. സിനിമാ ഷൂട്ടിംഗിനായി സ്റ്റുഡിയോയ്ക്കകത്ത് 50 പേരെ വച്ച് നടത്താൻ അനുമതി നൽകാവുന്നതാണ്. **(ചുമതല - പൊതുഭരണ വകുപ്പ്)**
21. ചാനലുകൾക്ക് 25 പേരെ വച്ച് പരിപാടികൾ നടത്താവുന്നതാണ്. എന്നാൽ ഈ കാര്യങ്ങളെല്ലാം സാമൂഹിക അകലവും മറ്റു സുരക്ഷാ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. **(ചുമതല - പൊതു ഭരണ വകുപ്പ്)**
22. ഇതോടൊപ്പം സന്മനസ്സ് കൊണ്ട് ഗതികേടിൽ ആയ ചിലരുടെ കാര്യവും പരാമർശിക്കേണ്ടതുണ്ട്. ക്വാറന്റയിൻ കേന്ദ്രങ്ങളായി വലിയ ഹോട്ടലുകൾ വിട്ടു നല്കിയിരുന്നു. ഇപ്പോൾ ഇളവുകൾ നൽകിയപ്പോൾ പ്രവർത്തിപ്പിക്കാൻ

സാധിക്കാത്ത അവസ്ഥയിലാണ്. അവിടെ ഇപ്പോഴും ആളുകൾ ഉള്ളത് കാരണം ബാറുകളിൽ അവർക്ക് വിൽപ്പന നടത്താൻ ആകുന്നില്ല. എന്നാൽ കൗണ്ടർ വഴി വിൽപന നടത്താൻ നമുക്ക് അനുമതി നൽകാവുന്നതാണ്. **(ചുമതല - എക്സൈസ് വകുപ്പ്)**

23. വിവാഹങ്ങൾ ദേവാലയങ്ങളിലും ഹാളുകളിലും ഏറ്റവുമധികം 50 പേരെ പങ്കെടുപ്പിച്ച് നടത്താവുന്നതാണ്. **(ചുമതല - പൊതുഭരണ വകുപ്പ്)**
24. ഗുരുവായൂർ ക്ഷേത്രത്തിൽ വിവാഹം നടത്താൻ അനുമതി നൽകാവുന്നതാണ്. എന്നാൽ ആളുകളുടെ ക്രമം മേൽപ്പറഞ്ഞ അതിനപ്പുറം ആകാൻ പാടുള്ളതല്ല. **(ചുമതല - പൊതുഭരണ വകുപ്പ്)**
25. സംസ്ഥാനത്തിനകത്ത് ട്രെയിനുകൾക്ക് യാത്ര ചെയ്യാനുള്ള അനുമതി നൽകാവുന്നതാണ്. എറണാകുളം മുതൽ തിരുവനന്തപുരം വരെയുള്ള എറണാകുളം മുതൽ കോഴിക്കോട് വരെയും, കോഴിക്കോട് കാസർഗോഡ് വരെയും ട്രെയിനുകൾ അനുവദിക്കാവുന്നതാണ്. **(ചുമതല - പൊതുഭരണ വകുപ്പ്)**
26. പ്രത്യേക ആവശ്യങ്ങൾക്കായി കേരളത്തിലേക്ക് വിമാനയാത്ര നടത്തുന്നവർക്ക് ക്വാരന്റയിൻ നിർബന്ധമാക്കേണ്ടതില്ല. **(ചുമതല - പൊതുഭരണ വകുപ്പ്)**
27. വിവിധ ജോലികളുടെ സാങ്കേതിക വിദഗ്ധർ കേരളത്തിൽ എത്തുമ്പോഴും അവർക്കും ക്വാരന്റയിൻ നിർബന്ധമാക്കേണ്ടതില്ല. **(ചുമതല - പൊതുഭരണ വകുപ്പ്)**
28. കൂടുതൽ ലോക്ക് ഡൌൺ ഇളവുകൾ കേന്ദ്രത്തിലെ ഒന്നാം തീയതിയിലെ പ്രഖ്യാപനത്തിനു ശേഷം നമുക്ക് പറയാവുന്നതാണ്. എന്നാൽ എല്ലാ കാര്യങ്ങളിലും വലിയ ആൾക്കൂട്ടം പാടില്ല എന്ന പൊതുതത്വം നമുക്ക് സ്വീകരിക്കാവുന്നതാണ്. **(ചുമതല - പൊതുഭരണ വകുപ്പ്)**
29. എട്ടാം തീയതിക്ക് ശേഷം ഹോട്ടലുകൾ തുറക്കാൻ അനുമതി നൽകിയാൽ മേശ കളുടെ എണ്ണം കുറയ്ക്കണമെന്നും, കൂടുതലും രണ്ട് പേർക്ക് ഇരിക്കാവുന്ന മേശകൾ ആക്കണമെന്നും പരമാവധി നാല് പേർക്ക് ഇരിക്കാവുന്ന മേശകൾ ആക്കണമെന്നും നിർദ്ദേശം നൽകാം. കൂടുതൽ വിശദാംശങ്ങൾ പിന്നീട് വ്യക്തമാക്കാവുന്നതാണ്.
30. തീയേറ്ററുകൾ തുറക്കാനും കുട്ടികളുടെ കളിസ്ഥലങ്ങൾ തുറക്കുവാനുള്ള അനുമതി നൽകേണ്ടതില്ല. **(ചുമതല - പൊതുഭരണ വകുപ്പ്)**
31. വിദ്യാഭ്യാസസ്ഥാപനങ്ങൾ ജൂലൈ തുറന്നാൽ മതിയാകും. കുട്ടികളുടെ കാര്യത്തിൽ നമുക്ക് ഒരു പരീക്ഷണം എടുക്കേണ്ടതില്ല. **(ചുമതല - പൊതു വിദ്യാഭ്യാസ വകുപ്പ്)**
32. അന്തർസംസ്ഥാന ബസ് യാത്രകൾ ഇപ്പോൾ അനുമതി നൽകേണ്ടതില്ല. **(ചുമതല - പൊതുഭരണ വകുപ്പ്)**
33. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് വരുന്നതിന് പാസ് മുഖേന മാത്രം അനുമതി നൽകാവുന്നതാണ്. **(ചുമതല - പൊതുഭരണ വകുപ്പ്, ജില്ലാ കള ക്ടർമാർ)**
34. ദുർബല വിഭാഗങ്ങളെ റിവേഴ്സ് ക്വാരന്റയിൻ ചെയ്യേണ്ടതും അത്യാവശ്യമാണ് അവരിലേക്ക് രോഗം വരാതിരിക്കാനുള്ള എല്ലാവിധ നടപടികളും നാം സ്വീകരിക്കേണ്ടതാണ്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**

അടുത്ത യോഗം വെള്ളിയാഴ്ച നടത്താവുന്നതാണ്.

യോഗം 5 10 ന് അവസാനിച്ചു

**<u>അനുബന്ധം 1</u>**

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ബഹു. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി, റെവന്യൂവകുപ്പ് മന്ത്രി ?
2. ചീഫ് സെക്രട്ടറി
3. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
4. സ്റ്റേറ്റ് പോലീസ് ചീഫ്
5. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
6. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
7. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്
8. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
9. അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
10. അഡീഷണൽ ചീഫ് സെക്രട്ടറി പൊതുമരാമത്ത് വകുപ്പ്
11. ഡയറക്ടർ ജനറൽ ഫയർ ആന്റ് റസ്ക്യൂ
12. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
13. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
14. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതം വകുപ്പ്
15. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
16. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
17. അഡീഷണൽ ഡി ജി പി ഇന്റലിജൻസ്
18. സെക്രട്ടറി, ധനകാര്യം
19. സെക്രട്ടറി, ഊർജ്ജ വകുപ്പ്
20. സെക്രട്ടറി, ടൂറിസം വകുപ്പ്
21. സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്
22. സെക്രട്ടറി, വ്യവസായ വകുപ്പ്
23. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
24. മുഖ്യമന്ത്രിയുടെ സെക്രട്ടറി
25. ചെയർ പേഴ്സൺ, എക്സ്പെർട്ട് കമ്മിറ്റി
26. ഡി ജി ഇ, തിരുവനന്തപുരം
27. മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി
28. മറ്റുള്ളവർ